**ഗസറ്റ് തീയതി : 30.04.2022**

**അവസാന തീയതി : 01.06.2022 ബുധനാഴ്ച അർദ്ധരാത്രി 12 മണിവരെ**

**ജനറൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം**
**കാറ്റഗറി നമ്പർ : 094/2022**

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1 വകുപ്പ് : മെഡിക്കൽ വിദ്യാഭ്യാസം

2 ഉദ്യോഗപ്പേര് : അസിസ്റ്റന്റ് പ്രൊഫസർ (പ്രോസ്തോഡോണ്ടിക്സ്)

3 ശമ്പളം : യു.ജി.സി മാനദണ്ഡങ്ങളനുസരിച്ച്

4 ഒഴിവുകളുടെ എണ്ണം : 1 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

കുറിപ്പ് : 10/01/2019 ലെ G.O (Rt)No.48/2019/H&FWD, 07.08.2020 ലെ GO(Rt) No.367/2020/SJD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം, ലോവർ ലിംബിന് 40% മുതൽ 70% വരെ ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ 3% സംവരണത്തിന് അനുയോജ്യരായികണ്ടെത്തിയിട്ടുണ്ട്. അതിനാൽ അന്ധർ, കാഴ്ചശക്തി കുറഞ്ഞവർ, ശ്രവണശക്തികുറഞ്ഞവർ എന്നീ വിഭാഗം ഉദ്യോഗാർത്ഥികൾ ടി തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 24–41. ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.1998 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്കും

നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട്-2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** :

(1) ഡെന്റൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരമുള്ള ഏതെങ്കിലുമൊരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും പ്രോസ്തോഡോണ്ടിക്സ് വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദം (എം.ഡി.എസ് ).

(2) സംസ്ഥാന ഡെന്റൽ കൗൺസിലിലുള്ള സ്ഥിരം രജിസ്ട്രേഷൻ.

(3) മൂന്ന് വർഷത്തെ അദ്ധ്യാപന പരിചയം..

കുറിപ്പ് :

(1) KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

(2) റെസിഡൻസി പ്രോഗ്രാമിലൂടെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ പഠന കാലയളവ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയുടെ നിയമനത്തിനായുള്ള അദ്ധ്യാപന പരിചയമായി കണക്കാക്കപ്പെടുന്നതാണ്. റെസിഡൻസി പ്രോഗ്രാം ഇല്ലാതെ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർത്ഥികൾ തങ്ങൾ പഠിച്ചിരുന്ന കോളേജിലെ പ്രിൻസിപ്പലിൽ നിന്ന് അദ്ധ്യാപന/ക്ലിനിക്കൽ പരിചയം തങ്ങൾക്ക് ബിരുദാനന്തര ബിരുദ പഠന കാലയളവിൽ ലഭിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(3) വിജ്ഞാപനപ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളു.

(4) ഉദ്യോഗാർത്ഥി അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണപരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(5) പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ (അനുബന്ധം എ അല്ലെങ്കിൽ ബി) പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image അല്ലെങ്കിൽ സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ കോവിഡ്-19 Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്)

upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**<u>അനുബന്ധം എ</u>**

സ്ഥാപനത്തിന്റെ/ ആശുപത്രിയുടെ പേര്:-

**<u>റെസിഡൻസി സർട്ടിഫിക്കറ്റ്/ ക്ലിനിക്കൽ വർക്ക് / അദ്ധ്യാപന പരിചയ സർട്ടിഫിക്കറ്റ്</u>**

ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും ..........................................

മുകളിൽ പറഞ്ഞിരിക്കുന്ന ആൾ .................. മുതൽ ................ വരെ കാലയളവിൽ ഈ സ്ഥാപനത്തിൽ / ആശുപത്രിയിൽ (...........................................................(സ്ഥാപനത്തിന്റെ / ആശുപത്രിയുടെ പേരും മേൽവിലാസവും)) MDS/MD/MS/DNB/Mch/DM/PGDiploma .............................. (വിഭാഗം) വിദ്യാർത്ഥിയായിരുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ടിയാൻ/ ടിയാൾ റെസിഡൻസി പ്രോഗ്രാമിലൂടെയാണ് പഠനം പൂർത്തിയാക്കിയത് / പഠനകാലയളവിൽ ക്ലിനിക്കൽ വർക്ക് പരിചയം കൈവരിച്ചിരുന്നു / പഠനകാലയളവിൽ അണ്ടർഗ്രാജ്വേറ്റ് വിദ്യാർത്ഥികളുടെ അദ്ധ്യാപനത്തിൽ പരിചയം കൈവരിച്ചിരുന്നു .

മുകളിൽ സൂചിപ്പിച്ച കാലയളവിൽ ഈ സ്ഥാപനത്തിലെ / ആശുപത്രിയിലെ ......................... (കോഴ്സിന്റെ പേര്) കോഴ്സ് മെഡിക്കൽ/ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെയാണ് നടത്തപ്പെട്ടിരുന്നതെന്നും സാക്ഷ്യപ്പെടുത്തുന്നു.

**സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ ഒപ്പ്,പേര്,**
**ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്**

സ്ഥലം :

തീയതി : ഓഫീസ് സീൽ

**<u>അനുബന്ധം ബി</u>**

സ്ഥാപനത്തിന്റെ/ ആശുപത്രിയുടെ പേര്:-

**<u>പരിചയ സർട്ടിഫിക്കറ്റ്</u>**

ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും ..........................................

മുകളിൽ പറഞ്ഞിരിക്കുന്ന ആൾ .................. മുതൽ ................ വരെ കാലയളവിൽ ഈ സ്ഥാപനത്തിൽ/ ആശുപത്രിയിൽ

(..........................................................(സ്ഥാപനത്തിന്റെ/ ആശുപത്രിയുടെ പേരും മേൽവിലാസവും)) ..........................(തസ്തികയുടെ പേര്) ആയി ജോലി നോക്കിയിട്ടുണ്ട് / ജോലി നോക്കി വരുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ കാലയളവിൽ ടിയാൻ / ടിയാൾ ക്ലിനിക്കൽ പരിചയം കൈവരിച്ചിരുന്നു / അണ്ടർഗ്രാജുവേറ്റ് വിദ്യാർത്ഥികളുടെ അദ്ധ്യാപനത്തിൽ പരിചയം കൈവരിച്ചിരുന്നു.

മുകളിൽ സൂചിപ്പിച്ച കാലയളവിൽ ഈ സ്ഥാപനം / ആശുപത്രി മെഡിക്കൽ/ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെയാണ് നടത്തപ്പെട്ടിരുന്നതെന്നും സാക്ഷ്യപ്പെടുത്തുന്നു.

**സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ ഒപ്പ്,പേര്,**
**ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര്**

സ്ഥലം :
തീയതി : ഓഫീസ് സീൽ

**<u>പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലം</u>**

ശ്രീ/ ശ്രീമതി. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . ( ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) എന്ന ഞാൻ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . സ്ഥാപനത്തിൽ (സ്ഥാപനത്തിന്റെ പേര്, കമ്പനി, കോർപ്പറേഷൻ, സർക്കാർ വകുപ്പ്, സഹകരണ സ്ഥാപനം മുതലായവ.) . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . തസ്തികയിൽ സ്ഥിരമായി/ താൽക്കാലികമായി/ അപ്രന്റീസ്/ ട്രെയിനി/കാഷ്വൽ ലേബറർ ആയി (ബാധകമല്ലാത്തത് വെട്ടിക്കളയുക). . . . . . . . . . . . . . . രൂപ മാസശമ്പളത്തിൽ/ ദിവസശമ്പളത്തിൽ . . . . . . . . . . . . . . . . . . .. മുതൽ . . . . . . . . . . . . . . . . . വരെയുള്ള . . . . . . . . . . . . . . . . . വർഷം . . . . . . . . . . . . . . . . . മാസം . . . . . . . . . . . . . . . . . ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നിശ്ചിത മാതൃകയിൽ ഉള്ള പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണ്.

**ഉദ്യോഗാർത്ഥിയുടെ ഒപ്പ്**

സ്ഥലം :
തീയതി :

## 8. അപേക്ഷ സമർപ്പിക്കേണ്ട രീതി

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ

ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. 01.01.2022 മുതൽ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനകം എടുത്ത ഫോട്ടോ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട

പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

(സി) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of Procedure, Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 01.06.2022 ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ**

10 **അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്** : www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പാർട്ട് – 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

**സാജു ജോർജ്ജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**